Reg. No. : ....................................

Name : ............................................

**FY 702**

# FIRST YEAR HIGHER SECONDARY EQUIVALENCY EXAMINATION, MAY 2024
## Part – II
## MALAYALAM
**Maximum : 80 Scores**

Time : 2½ Hours
Cool-off Time : 15 Minutes

**വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :**

- നിർദ്ദിഷ്ട സമയത്തിനു പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- നിർദ്ദേശങ്ങൾ മുഴുവനും ശ്രദ്ധാപൂർവ്വം വായിക്കണം.

**Score**

**1 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് ഉത്തരമെഴുതുക. സ്കോർ 1 വീതം.** **(5×1=5)**

1. താഴെ പറയുന്നവയിൽ 'ഭൂമി' എന്ന അർത്ഥം വരുന്ന വാക്ക് കണ്ടെത്തി എഴുതുക.

   * അവനി
   * അസു
   * മമത

Score

**2.** 'അനർഘനിമിഷം' എന്ന പാഠഭാഗത്തിന് യോജിക്കുന്ന വിശേഷണം എടുത്തെഴുതുക.

* സാമൂഹിക വിമർശനം ലക്ഷ്യമാക്കുന്നു.

* അന്യാപദേശ രീതിയിൽ പറയുന്നു.

* കവിതയോടടുത്ത് നിൽക്കുന്ന ആഖ്യാനം.

**3.** 'ഇറച്ചിക്കോഴികൾ വില്പനയ്ക്ക്' എന്ന പാഠഭാഗം ഏതു കൃതിയിൽ നിന്ന് എടുത്തിട്ടുള്ളതാണ് ?

* ഭൂമിശാസ്ത്രം

* വൃദ്ധസദനം

* പെരുങ്കളിയാട്ടം

**4.** 'ഉജ്ജ്വലമുഹൂർത്തം' എന്ന കൃതിയുടെ രചയിതാവാര് ?

* കുമാരനാശാൻ

* ഉള്ളൂർ. എസ്. പരമേശ്വരയ്യർ

* വൈലോപ്പിള്ളി ശ്രീധരമേനോൻ

**5.** ഇക്കണ്ടക്കുറുപ്പ് ഏതു കൃതിയിലെ കഥാപാത്രമാണ് ?

* ശ്രീഭഗവതി

* വാസനാവികൃതി

* സഭാപ്രവേശം

Score

**6.** താഴെ പറയുന്നവയിൽ നിന്ന് സംഘകാലകൃതി കണ്ടെത്തുക.

* കേരളപാണിനീയം
* വൃത്തമഞ്ജരി
* തൊൽക്കാപ്പിയം

**ചേരുംപടി ചേർക്കുക. സ്കോർ 1 വീതം.** **(5×1=5)**

**7.** ശബ്ദശോധിനി – രമണൻ

**8.** പാറാവുകാരൻ – ഇറച്ചിക്കോഴികൾ വില്പനയ്ക്ക്

**9.** കല്യാണിക്കുട്ടി – വാക്കുകൾ

**10.** ഇടപ്പള്ളി രാഘവൻപിള്ള – ശ്രീഭഗവതി

**11.** സാറ – വാസനാവികൃതി

**12 മുതൽ 16 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഒറ്റ വാക്യത്തിൽ ഉത്തരമെഴുതുക. സ്കോർ 1 വീതം.** **(4×1=4)**

**12.** ജീവിതത്തെ ശപ്തമാക്കുന്നത് എന്താണെന്നാണ് 'കിളിക്കൊഞ്ചലി'ൽ പറയുന്നത് ?

Score

13. 'നാണം കെട്ടു നടക്കുന്നിതു ചിലർ'

(ജ്ഞാനപ്പാന)

എന്തിനുവേണ്ടിയാണ് നാണം കെടുന്നത് ?

14. ആഫ്രിക്കൻ സമതലങ്ങളിലെ മഹാപാതകൾ നമ്മിലുണ്ടാക്കുന്ന തോന്നൽ എന്താണ് ?

15. സഭയിലെത്തിച്ചേർന്ന ദുര്യോധനൻ നീന്താൻ വട്ടം കൂട്ടിയത് എന്തിന് ?

16. ആരാണ് 'ജീവി' എന്നാണ് നാരായണഗുരു പറയുന്നത് ?

**17 മുതൽ 21 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. സ്കോർ 5 വീതം.** **(4×5=20)**

17. കഥാപാത്രനിരൂപണം തയ്യാറാക്കുക – 'ലീല'.

18. ''അമ്മയ്ക്കു മാത്രമല്ലാർക്കുമേ ചെന്നെടു –
ത്തുമ്മ വെച്ചീടുവാൻ തോന്നുമല്ലോ'' – ഈ വരികളിലൂടെ വള്ളത്തോൾ ധ്വനിപ്പിക്കുന്ന ആശയം എന്തെന്ന് വ്യക്തമാക്കുക.

19. 'ദർബൻ' എന്ന സ്ഥലത്തിന്റെ പ്രത്യേകതകൾ എന്തെല്ലാം ?

20. അന്യഭാഷാ പദങ്ങൾ മലയാളത്തിൽ പ്രയോഗിക്കുമ്പോൾ ശ്രദ്ധിക്കേണ്ട എന്തെല്ലാം കാര്യങ്ങളാണ് ഈ. വി. കൃഷ്ണപിള്ള ചൂണ്ടിക്കാട്ടുന്നത് ?

Score

21. 'നീയാണെന്റെ ശ്രീഭഗവതി' എന്ന് ഭർത്താവ് പറയുന്നത് ഏതു സന്ദർഭത്തിലാണ് ? വിശകലനക്കുറിപ്പ് തയ്യാറാക്കുക.

**22 മുതൽ 26 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. സ്കോർ 6 വീതം.** **(4×6=24)**

22. മരണത്തെ മുഖാമുഖം കാണുന്ന ഒരു വ്യക്തിയുടെ യാത്രപറച്ചിലാണോ 'അനർഘനിമിഷം' ? കഥാസന്ദർഭങ്ങളെ മുൻനിർത്തി വിലയിരുത്തുക.

23. ഇന്ദ്രപ്രസ്ഥത്തിലെത്തിയ ദുര്യോധനനും സഹോദരൻമാർക്കും നീരാഴിയുടെ തീരത്തു ചെന്നപ്പോൾ പറ്റിയ അബദ്ധങ്ങൾ എന്തെല്ലാം ?

24. അരുൾ ഉള്ളപ്പോഴും ഇല്ലാത്തപ്പോഴും മനുഷ്യജീവിതത്തിൽ എന്തെല്ലാം സംഭവിക്കുന്നു എന്നാണ് നാരായണഗുരു അഭിപ്രായപ്പെടുന്നത് ?

25. ജ്ഞാനപ്പാന എന്ന കവിത ഉയർത്തിപ്പിടിക്കുന്ന ജീവിതമൂല്യങ്ങൾ എന്തൊക്കെയാണ് ? വിശകലനക്കുറിപ്പു തയ്യാറാക്കുക.

26. താഴെ തന്നിരിക്കുന്ന സൂചനകൾ പ്രയോജനപ്പെടുത്തി ചങ്ങമ്പുഴ കൃഷ്ണപിള്ളയുടെ ജീവചരിത്രക്കുറിപ്പു തയ്യാറാക്കുക.

'ജനനം 1911 ഒക്ടോബർ 11 – മരണം 1948 ജൂൺ 17 – കൃതികൾ : രമണൻ, ബാഷ്പാഞ്ജലി, പാടുന്ന പിശാച്, സ്പന്ദിക്കുന്ന അസ്ഥിമാടം – കാല്പനിക കവി – ശ്രദ്ധാലുവായ വിദ്യാർത്ഥി – പുതിയ കാവ്യരീതികൾ പരീക്ഷിക്കാൻ നടത്തിയ ഉത്സാഹം.

Score

**താഴെ തന്നിരിക്കുന്ന ഖണ്ഡിക വായിച്ച് 27 മുതൽ 29 വരെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. സ്കോർ 2 വീതം.** **(3×2=6)**

നിങ്ങൾ ആരും തന്നെ ഒരു വ്യാകരണഗ്രന്ഥം ഉള്ള വീട്ടിൽ കയറുവാൻ ഇഷ്ടപ്പെടുമെന്ന് ഞാൻ വിചാരിക്കുന്നില്ല. വയറുകടി, വ്യാകരണം, ചിട്ടീമുന്നാളൻ, അച്ചുകുത്തുപിള്ള എന്നിങ്ങനെ ലോകത്തിൽ സകലരുടെയും വെറുപ്പിന് ഏകലക്ഷ്യങ്ങളായി നിൽക്കുന്ന കുറേ ജീവികൾ ഉണ്ട്. വെറും വിഭക്തിത്തെറ്റുകൊണ്ടു മാത്രം ഒന്നാന്തരം പ്രഹരം ഉണ്ടാകുമെങ്കിൽ കൂടുതൽ ഗൗരവഹങ്ങളായ വ്യാകരണ പ്രമാദങ്ങൾ എന്തെന്തുപദ്രവം വരുത്തുകയില്ല ? അതുകൊണ്ട് വ്യാകരണപഠനം അത്യാവശ്യമാണ്. മലയാളത്തെ സംബന്ധിച്ചു പറയുകയാണെങ്കിൽ തമിഴ്, സംസ്കൃതം, ഹിന്ദുസ്ഥാനി, ഇംഗ്ലീഷ് എന്നുവേണ്ട ഒരു തീവണ്ടിസ്റ്റേഷനിൽ ചെന്നു നിന്നാൽ കാണാവുന്നവരൊക്കെ നമ്മുടെ ഭാഷയിൽ ഉണ്ട്. അതുകൊണ്ട് എവിടെ നിന്നാണ് ഇവയൊക്കെ വലിഞ്ഞു കയറിയതെന്ന് അന്വേഷിക്കേണ്ട കാര്യം ഇല്ല. ഉചിതസ്ഥാനങ്ങളിൽ പദങ്ങൾ പ്രയോഗിക്കുന്നതിനു നമുക്കു കഴിവുണ്ടോ എന്നു നോക്കിയാൽ മതി.

**27.** ലോകത്തിൽ സകലരുടെയും വെറുപ്പിന് ഏകലക്ഷ്യങ്ങളായി നിൽക്കുന്ന കുറേ ജീവികളുണ്ട്. ആരെല്ലാം ?

**28.** മലയാളഭാഷയിലെ പദങ്ങൾ മലയാളമല്ലാതെ മറ്റെന്തൊക്കെ ആണെന്നാണ് ലേഖകൻ അഭിപ്രായപ്പെടുന്നത് ?

**29.** എന്തിനുള്ള കഴിവാണ് നമുക്ക് ഉണ്ടാകേണ്ടത് ?

Score

**30 മുതൽ 32 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. സ്കോർ 8 വീതം.** **(2×8=16)**

**30.** ''സമ്പൂർണ്ണ സാക്ഷരത നേടി എന്ന് അഭിമാനിക്കുന്ന കേരളം ഇന്ന് വൃദ്ധസദനങ്ങളുടെ എണ്ണത്തിൽ ഏറെ മുന്നിലാണ് ''. ഈ പ്രസ്താവനയോട് പ്രതികരിച്ചുകൊണ്ട് വൃദ്ധർ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് ഉപന്യാസം തയ്യാറാക്കുക.

**31.** വാസനാവികൃതിയുടെ രചനാപരമായ പ്രത്യേകതകൾ ചൂണ്ടിക്കാട്ടി കഥയ്ക്ക് ഒരു നിരൂപണ ക്കുറിപ്പ് തയ്യാറാക്കുക.

**സൂചന** :

* സ്വയം കഥ പറയുന്ന രീതിയിലുള്ള അവതരണം.
* രസകരമായ ആഖ്യാനം.

**32.** 'ഉജ്ജ്വല മുഹൂർത്തം' എന്ന കവിതയിൽ അനസൂയയുടെ മഹത്തായ മാതൃത്വം എങ്ങനെയാണ് ആവിഷ്കരിച്ചിരിക്കുന്നത് ? ഉപന്യാസം തയ്യാറാക്കുക.